## പതിനാലാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2032

08.03.2018 ൽ മറുപടിക്ക്

### പതിമൂന്നാം പഞ്ചവത്സര പദ്ധതിയും വ്യവസായ മേഖലയും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ് | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് എത്ര കോടി രൂപയുടെ വികസന പ്രവർത്തനമാണ് വ്യവസായ മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്; | (എ) & (ബി) | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന 1041.5741 കോടി രൂപയുടെ പദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. അടുത്ത നാല് വർഷം കഴിയുമ്പോൾ കേരളത്തിൽ പുതുതായി എൺപതിനായിരം സംരംഭങ്ങൾ ആരംഭിക്കുകയും 5 ലക്ഷം തൊഴിലവസരങ്ങൾ പുതുതായി സൃഷ്ടിക്കപ്പെടുകയും ചെയ്യും. 7500 കോടി രൂപയുടെ നിക്ഷേപം എം എസ് എം ഇ മേഖലയിൽ ഉണ്ടാകും. വ്യവസായ അടിസ്ഥാന വികസന സൗകര്യത്തിനായി 38 വ്യവസായ വികസന ഏര്യാ / പ്ലോട്ടുകളുടെ ആഭ്യന്തര റോഡുകൾ വൈദ്യുതി / ജലവിതരണം , കണക്ടിവിറ്റി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരും. കേരളത്തിന്റെ സ്ഥല ലഭ്യത കുറവ് മൂലം വ്യവസായ ഭൂമിയിൽ 150 കോടി രൂപ ചിലവിൽ 10 സമുച്ചയങ്ങൾ നിർമ്മിച്ച് വരുന്ന നാല് വർഷത്തിനുള്ളിൽ പൂർത്തീകരിച്ച് നൽകാൻ കഴിയും. ഇതിൽ 500 പുതിയ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യും. ഇതിലൂടെ 3000 തൊഴിലവസരങ്ങളും 100 കോടി രൂപയുടെ നിക്ഷേപവും ഉണ്ടാകും |
| (ബി) | അതിലൂടെ വ്യവസായ മേഖലയിൽ എത്ര മാത്രം ഭൗതിക ഉല്പാദന വർദ്ധന നേടുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത് എന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | എന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ,<br>• അതിസൂക്ഷ്മ ഗാർഹിക സംരംഭങ്ങൾക്ക് 33 കോടി രൂപയുടെ പലിശയിളവ് നൽകും.<br>• കരകൗശല മേഖലയിൽ 15 ക്ലസ്റ്ററുകൾ വികസിപ്പിച്ച് പതിനയ്യായിരം കരകൗശല ആർട്ടിസാൻമാർക്ക് തൊഴിൽ ഉറപ്പ് വരുത്തും.<br>• "ഇന്റഗ്രേറ്റഡ് ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാം" നടപ്പിലാക്കുക വഴി പതിനയ്യായിരം സംരംഭങ്ങൾ ഉണ്ടാകും. അതിലൂടെ ഈ മേഖലയിൽ മുപ്പതിനായിരം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും.<br>• ക്ലസ്റ്റർ വികസനത്തിലൂടെ മുള വ്യവസായ രംഗത്ത് 300 യൂണിറ്റുകൾ സ്ഥാപിക്കും. ആ പദ്ധതി പ്രകാരം 400 കരകൗശല ആർട്ടിസാൻ സംരംഭങ്ങൾ ആരംഭിക്കും.<br>• വിനോദ സഞ്ചാരവുമായി കരകൗശല മേഖലയെ ബന്ധിപ്പിച്ച് 100 സുവനീറുകൾ അന്താരാഷ്ട്ര വിപണയിലെത്തിക്കും. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ക്രാഫ്റ്റ് വില്ലേജുകൾ സ്ഥാപിക്കും.<br>• കരകൗശല ഉല്പന്നങ്ങൾക്ക് ബ്രാൻഡ് നിശ്ചയിക്കും.<br>• യുവസംരംഭകർക്കായി തൊഴിൽ നൈപുണ്യ പരിശീലനം നൽകും.<br>• ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളുടെ വിനിയോഗം എം. എസ്. എം. ഇ. മേഖലയിൽ ഉറപ്പ് വരുത്തും. |

| | | | |
|---|---|---|---|
| | | | **കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ**<br>743.21 കോടി രൂപയുടെ വിവിധ പദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാ ക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതുവഴി വ്യവസായങ്ങൾക്ക് അനുകൂല സാഹചര്യ ങ്ങൾ സൃഷ്ടിക്കുകയാണ്.<br>**റിയാബ്** ഏകദേശം 8700 കോടിയോളം രൂപയുടെ വികസന പ്രവർത്തനമാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. വിവിധ നവീകരണ വിപുലീകരണ വൈവിധ്യ വൽക്കരണ പദ്ധതികളിലൂടെ ഉൽപാദനം വർദ്ധിപ്പിച്ച് വിറ്റുവരവ് ഇരട്ടിയാക്കി വർദ്ധിപ്പിക്കുന്നതിനും വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, സംസ്ഥാനത്തെ വ്യവസായിക മേഖലയുടേയും അനുബന്ധ വ്യവസായ മേഖലയുടേയും വളർച്ച എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.<br>**കിൻഫ്ര** 96 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുന്നത്. കൂടുതൽ സ്വകാര്യ നിക്ഷേപവും അതുവഴി തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും.<br>**മൈനിംഗ് & ജിയോളജി** 9.085 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ധാതുപര്യ വേഷണം മുഖേന കണ്ടെത്തുന്ന ധാതുക്കൾ ഖനനം ചെയ്യുന്നത് വഴി ധാതുവ്യവസായം അഭിവൃദ്ധിപ്പെടുകയും തന്മൂലം ഭൗതിക ഉല്പാദന വർദ്ധനവ് ഉണ്ടാകുകയും ചെയ്യും.<br>**കൈത്തറി & ടെക്സ്റ്റൈൽ ഡയറക്ടറേറ്റ്** കൈത്തറി മേഖലയിൽ |

| | | | |
|---|---|---|---|
| | | | 30248.75 ലക്ഷം രൂപയുടേയും ടെക്സ്റ്റൈൽ മേഖലയിൽ 24029.93 ലക്ഷം രൂപയുടേയും കൂടി ആകെ 54278.67 ലക്ഷം രൂപയുടെ പദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിലൂടെ കൈത്തറി & ടെക്സ്റ്റൈൽസ് മേഖലയിൽ പ്രതിവർഷം 1000 കോടി രൂപയുടെ ഉല്പാദനം നേടുവാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.<br>**<u>കേരള ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്</u>** 23139.46 ലക്ഷം രൂപയുടെ പദ്ധതികളാണ് പതിമൂന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കാലത്ത് പുതുതായി 5000 തൊഴിലവസരങ്ങളും ഗ്രാമ വ്യവസായ രംഗത്ത് 25000 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. തേൻ ഉല്പാദന രംഗത്ത് പ്രതിവർഷം 14 കോടി രൂപയുടെ ഉൽപാദനമാണ് ലക്ഷ്യമിടുന്നത്.<br>**<u>ഇൻകെൽ</u>** എന്ന പിപിപി കമ്പനി തനതുഫണ്ടിൽ നിന്നും 80.65 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് അടുത്ത 2 സാമ്പത്തിക വർഷത്തിനുള്ളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നത്. ചെറുകിട വ്യവസായ സംരംഭകരെ ലക്ഷ്യം വെച്ചിട്ടുള്ളതാണ് ഈ പദ്ധതികൾ. ഇതുവഴി 1000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. |

Bindu T

**സെക്ഷൻ ഓഫീസർ**